## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5054** **04-07-2024 - ൽ മറുപടിയ്ക്ക്**

## വിദ്യാലയങ്ങളിലെ ലഹരി വ്യാപനം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാലയങ്ങളിലും പരിസരങ്ങളിലും ലഹരി വ്യാപനമുണ്ടെന്നതും ലഹരി ഉല്പന്നങ്ങളുടെ സ്ഥിരം ഉപയോക്താക്കളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളും ഉൾപ്പെടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | വിദ്യാലയങ്ങളിലെയും പരിസരത്തെയും ലഹരി ഉപയോഗവും വിൽപ്പനയും തടയുന്നതിന് എക്സൈസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിദ്യാലയങ്ങളിലെയും പരിസരത്തെയും ലഹരി ഉപയോഗവും വിൽപ്പനയുംതടയുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ ക്യാമ്പയിൻനടപ്പിലാക്കുന്നുണ്ട്. കൂടാതെ തെറ്റായ ജീവിത ശൈലി, ഭക്ഷണ രീതി, ലഹരിവിധേയത്വമുള്ളവരെ കണ്ടെത്തി പരിചരണം ഉറപ്പാക്കൽ എന്നിവ ലക്ഷ്യം വച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് മെഡിക്കൽ ദന്തപരിശോധന ക്യാമ്പുകൾസംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വിദ്യാലയങ്ങളിലും ഈ വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കണ്ടെത്താനും തരണം ചെയ്യാനും ബോധവത്കര ണത്തിനുമായി ടി വകുപ്പുകളുമായി ചേർന്ന് ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് വിദ്യാലയ പരിസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെയും കുട്ടികളുടെ പങ്കാളിത്തത്തോടെയും നിരീക്ഷണം ശക്തമാക്കാനും കുട്ടികളെ ലഹരിയുടെ പിടിയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കുട്ടികളുടെ കൂട്ടായ്മയായ വിദ്യാലയതല ജാഗ്ര ബ്രിഗേഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആന്റ് നർക്കോട്ടിക് ക്ലബ്ബുമായി ചേർന്ന് അദ്ധ്യാപകരുടെ നേതൃത്വത്തിൽ<br><br>അവർക്ക് പരിശീലനവും ലഹരി വിരുദ്ധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. വിദഗ്ധ പരിശീലനം ലഭിച്ച അധ്യാപകർ 1650 ഹയർസെക്കന്ററി അധ്യാപകർക്ക് ഈ വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.<br><br>സ്കൂൾ തലത്തിൽ അമ്മമാരുടെ ഒരു കൂട്ടായ്മയായി അമ്മ റിസോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടി കൂട്ടായ്മ ആശയ വിനിമയത്തിനും |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കുട്ടികളുടെ കുടുംബങ്ങളിലുള്ള ലഹരി സംബന്ധമായ പ്രശ്നങ്ങൾ ശേഖരിക്കുകയും, സ്കൂൾ ജാഗ്രതാ സമിതിക്ക് വിവരം കൈമാറാൻ നിർദ്ദേശി ച്ചിട്ടുമുണ്ട്. പ്രാദേശിക തലത്തിൽ ചേരുന്ന കോർണർ പി.ടി.എ മുഖേന ശാക്തീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണനന നല്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ